Mathrubhumi

23 August 2018

Palakkad, After Flood, Roads Damaged

ഇനി റോഡുകൾ എങ്ങനെ വേണം

തകർന്നടിഞ്ഞ് റോഡുകൾ വാഹനങ്ങളും കട്ടപ്പുറത്ത്

വി. ഹരിഗോവിന്ദൻ
പാലക്കാട്

► മഴപെയ്ത് തോർന്നപ്പോഴും പലേടത്തും റോഡുകളില്ലാതായി. പാലങ്ങളിലൂടെ ഗതാഗതം നിരോധിച്ചു. സാധാരണ മഴക്കാലത്ത് 20 ശതമാനത്തോളമാവും പാതയുടെ തകർച്ചയെങ്കിൽ ഇത്തവണ അമ്പതും അറുപതും ശതമാനം വരെയാണ് തകർച്ച. പലേടത്തും ഗതാഗതവും തടസ്സപ്പെട്ടു. ഇവയൊക്കെയൊന്ന് നന്നാക്കിയെടുത്ത് വണ്ടികടം ഓടിക്കാനാണ് പൊതുമരാമത്ത് വകുപ്പിന്റെ ആദ്യ പരിഗണന. പ്രളയക്കെടുതി ബാധിച്ച മറ്റ് ജില്ലകളിൽ മിക്കയിടത്തും തകർച്ച കൂടുതലാണ്.

രൂപകല്പനചെയ്ത പാതകൾ

ദേശീയപാതപോലെ പ്രത്യേകം രൂപകല്പനചെയ്ത പാതകളാവുമ്പോഴും മണ്ണിന്റെ ബലപരിശോധനയെല്ലാം കഴിഞ്ഞശേഷമാവും പണി ആരംഭിക്കുക. വലിയ മെറ്റലും പാറപ്പൊടിയുമൊക്കെ

റോഡുപണി എങ്ങനെ

പുതുതായി അഞ്ചുമീറ്റർവീതിയിൽ ഒരു കിലോമീറ്റർ റോഡ് പണിയാൻ ശരാശരി ചെലവ് 25 ലക്ഷത്തോളം വരും. പുതിയ റോഡ് പണിയാൻ ആദ്യം 15 സെൻറിമീറ്റർ ആഴത്തിൽ മേൽമണ്ണ് നീക്കും. പിന്നെ രണ്ടര ഇഞ്ച് കല്ല് 10 സെൻറിമീറ്റർ കനത്തിൽ നിരത്തി അതിനെ റോളറുപയോഗിച്ച് അമർത്തി ഏഴര സെൻറിമീറ്റർ ഉയരത്തിലാക്കും. മുകളിൽ 36 മില്ലിമീറ്റർ വലിപ്പമുള്ള മെറ്റൽ പത്തുസെൻറിമീറ്റർ കനത്തിലിട്ട് അതും അമർത്തി ഏഴരസെൻറിമീറ്ററാക്കും. അതോടെ 15 സെൻറിമീറ്റർ ഉയരം കൈവരും. ഇതിനുമുകളിൽ ആദ്യം 12 മില്ലിമീറ്റർ, തുടർന്ന് ആറ് മില്ലിമീറ്റർ മെറ്റലുപയോഗിച്ച് ഉപരിതലം ടാർചെയ്യും

യുള്ള മിശ്രിതം (ബി.എസ്.ബി.) ഒരു പാളിയായി അടിയിൽ നിരത്തും. തുടർന്ന് വെറ്റ് മിക്സ്, ബിറ്റുമിൻ മെക്കാഡം (ബി.എം.), ബിറ്റുമിൻ കോൺക്രീറ്റ് (ബി.സി.) പാളികാം. അഴുക്കുചാലുകളുടെ ഉംപ്പെടെ ഏഴുമീറ്റർവീതിയിൽ ഇത്തരത്തിൽ റോഡ് പണിയാൻ കിലോമീറ്ററിന് കുറഞ്ഞത് ഒരുകോടിയെങ്കിലുമാണ് ചെലവ് കണക്കാക്കുന്നത്.

റോഡിന്റെ കാലാവധി

രണ്ട് സെൻറിമീറ്റർ കനത്തിൽ റോഡിന്റെ ഉപരിതലം പുതുക്കിയാൽ അതിന്റെ ഗാരൻറി കാലാവധി ഒരുവർഷമാണ്. അതിനിടയിൽ വരുന്ന അറ്റകുറ്റപ്പണി കരാറുകാരന്റെ ചുമതലയാവും. ബിറ്റുമിൻ കോൺക്രീറ്റ് (ബി.സി.) മൂന്ന് സെൻറിമീറ്റർ കനത്തിൽ പണിതാൽ ഒന്നരവർഷമാണ് ഗാരൻറി കാലാവധി.

ബി.എം.ആൻഡ് ബി.സി. റോഡാണെങ്കിൽ രണ്ടുവർഷമാണ് ഗാരൻറി കാലാവധി. പാലവും അഴുക്കുചാലുകളുമുൾപ്പെടെ രൂപകല്പനചെയ്ത പുതിയ പാതയാണെങ്കിൽ മൂന്നുവർഷത്തെ ഉത്തരവാദിത്വം കരാറുകാരനായിരിക്കും.

കുഴി അടയ്ക്കുമ്പോൾ

കുഴിയുടെ നാലുവശവും ചിപ്പ് ചെയ്തെടുത്തശേഷം ആവശ്യത്തിന് മെറ്റൽനിരത്തി മുകളിൽ ഒന്നരയിഞ്ച് മെറ്റൽവിരിച്ച് മുകളിൽ ചിപ്പിങ് കാർപ്പറ്റും വിരിച്ചാണ് റോളർ ഓടിക്കുക.

ടാർമിശ്രിതം ഉപയോഗിച്ച് വെള്ളമിറങ്ങാത്ത രീതിയിൽ മിനുക്കിയെടുക്കുന്നതോടെ പണി പൂർത്തിയാവും. ഇത് സെറ്റാവുന്നതുവരെയെങ്കിലും വാഹനം മുകളിലൂടെ ഓടാതിരുന്നാലേ പൂർണഫലം ലഭിക്കൂ.

പക്ഷേ, തിരക്കേറിയ റോഡുകളിൽ ഇതൊന്നും പാലിക്കാനാവാറില്ല.

നഷ്ടം വാഹനങ്ങൾക്കും

റോഡ് തകർന്നുകിടക്കുന്നതുമൂലം ഇന്ധന ഉപഭോഗം വർധിക്കുമെന്നതിനപ്പുറം വാഹനങ്ങളുടെ ടയറിനെയും യന്ത്രഭാഗങ്ങളുടെയും തേയ്മാനത്തിനെറ തോത് കൂടും.

ടയറിന്റെ അലൈൻമെൻറു കാം മാറി തേയ്മാനം വേഗത്തിലാവും. ബ്രെയ്ക് മോട്ടോർ വാഹനങ്ങളുടെ സസ്പെൻഷൻ, ബോഡി ജോയൻറുകൾ, ഷോക്ക് അബ്സോർബർ തുടങ്ങിയവക്കെല്ലാം പ്രശ്നം കൂടുതലാവുമെന്ന് പാലക്കാട്ടെ ഇൻഡേൽ മാരുതി സർവീസ് സെൻറിലെ ടെക്നിഷ്യൻ സി.എ. തോമസ് പറയുന്നു.

അപകടങ്ങളും കൂടുന്നു

തകർന്ന പാതകളിൽ സമയത്തിനെത്താൻ കുതിച്ചോടുന്ന യാത്രാവാഹനങ്ങളും ചരക്കുവാഹനങ്ങളും അപകടം ഇരട്ടിയാക്കുന്നുണ്ട്.

പാടേ തകർന്ന കുതിരാനിലെ ദേശീയപാതയിൽ അടുത്ത ദിവസങ്ങളിൽ രണ്ട് ബൈക്ക് യാത്രികർ അപകടത്തിൽ മരിച്ചു. വാഹനങ്ങൾ മറിഞ്ഞും കൂട്ടിയിടിച്ചുമുണ്ടാവുന്ന അപകടങ്ങൾ വേറെ.

തകർന്നടിഞ്ഞ കൽമണ്ഡപം-ശേഖരിപുരം ബൈപ്പാസ്